ശ്രീ. രമേശ് ചെന്നിത്തല: സർ, പരാതി കിട്ടിയപ്പോൾത്തന്നെ ആളിനെ ട്രാൻസ്ഫർ ചെയ്തു. എസ്.പി. അന്വേഷിക്കുകയാണ്. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അത് പരിശോധിച്ച ശേഷം എന്താണെന്ന് തീരുമാനിക്കാം.

(4) കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ

ശ്രീ. ബെന്നി ബെഹനാൻ : സർ, സമൂഹത്തിൽ കുട്ടികൾക്കെതിരെ നടക്കുന്ന അക്രമങ്ങളുടെ ഭീകരതയും ക്രൂരതയുമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. കുട്ടികൾക്കെതിരെ നടക്കുന്ന അക്രമങ്ങളെക്കുറിച്ച് വാർത്താമാധ്യമങ്ങളിൽ എല്ലാദിവസവും വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ലൈംഗിക അതിക്രമങ്ങളും മാനഭംഗക്കേസുകളുമാണ് കൂടുതലും നടക്കുന്നതെന്നാണ് പല കണക്കുകളും സൂചിപ്പിക്കുന്നത്. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നു ; ശൈശവ വിവാഹത്തിന് പ്രേരിപ്പിക്കുന്നു ; കുട്ടിക്കച്ചവടം നടക്കുന്നു ; പല കുട്ടികളും ദാരുണമായ സാഹചര്യത്തിൽ മരണപ്പെടുന്നു. ഇന്ന് സമൂഹത്തിൽ ഇത്തരം ലൈംഗികാതിക്രമങ്ങളുടെ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണം പലപ്പോഴും ഇന്റർനെറ്റ്, സോഷ്യൽ മീഡിയപോലെയുള്ള ചില മാധ്യമങ്ങളിലൂടെ കുട്ടികൾക്കുണ്ടാകുന്ന അനുഭവങ്ങളാണെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇന്റർനെറ്റ് പോലെയുള്ള കാര്യങ്ങൾ കാണുന്നതിന് യാതൊരു നിബന്ധനകളുമില്ലാത്തതുമൂലം പലപ്പോഴും കുട്ടികൾ ഇത് മിസ്യൂസ് ചെയ്യുന്നതുകൊണ്ടാണ് ഈ അക്രമങ്ങളുണ്ടാകുന്നത്. മദ്യപാനത്തേക്കാളും മയക്കുമരുന്നിനേക്കാളും ഭീകരമായ അന്തരീക്ഷമാണ് നെറ്റിലൂടെയും വാട്ട്സ് ആപ്പിലൂടെയും ഇന്ന് സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ. ഇക്കാര്യത്തിൽ എങ്ങനെ നിയമനിർമ്മാണം കൊണ്ടുവരണമെന്ന് എനിക്കറിയില്ല, സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിലല്ല. പക്ഷെ, ശക്തമായ ബോധവത്ക്കരണം ഇക്കാര്യത്തിൽ നടത്താൻ കഴിയും. നെറ്റിലൂടെയോ വാട്ട്സ് ആപ്പിലൂടെയോ വരുന്ന വാർത്തകൾക്കെതിരെ പ്രതികരിക്കാൻപോലും പറ്റാത്ത തരത്തിലുള്ള പരാമർശങ്ങളാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിവരെ നടത്തിയിരിക്കുന്നത്. ഇതെല്ലാം ചൂഷണം ചെയ്യുന്ന സാഹചര്യമുണ്ട്. സാമൂഹ്യവിരുദ്ധർക്കും അതുപോലെതന്നെ ഇത്തരം നെറ്റ് ഉപയോഗിച്ച് തെറ്റുകളിലേയ്ക്ക് കടക്കാൻ ചെറുപ്പക്കാരുടെയും കുട്ടികളുടെയും ഇടയിൽ ആസക്തി വർദ്ധിപ്പിക്കുന്ന സമീപനം ഇന്ന് സമൂഹത്തിലുണ്ട്. ഇത് നിയന്ത്രിക്കുന്നതിനു വേണ്ടിയുള്ള ശക്തമായ ബോധവത്ക്കരണം നടത്തിയും നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കിയും ഈ ദുരവസ്ഥയിൽ നിന്ന് കുട്ടികളെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾക്ക് നേരിയ തോതിൽ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013-ൽ 1002 കേസുകളും 2014-ൽ 1380 കേസുകളും 2015 സെപ്റ്റംബർ 30 വരെ 1139 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ കുറ്റകൃത്യങ്ങൾക്കെതിരായുള്ള അവബോധമുണ്ടാക്കുന്നതിനാലും സാക്ഷരതയിൽ കേരളം മുൻപന്തിയിലായതിനാലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പോലീസ് സ്റ്റേഷനുകളുടെ ദൂരപരിധി കുറവായതിനാലും സംസ്ഥാനത്തെ ഏതൊരു പോലീസ് ഉദ്യോഗസ്ഥനുമുമ്പിലും ഭയരഹിതരായി പരാതി നൽകാൻ പൊതുജനങ്ങൾക്ക് സാധിക്കുന്നതുമൂലമാണ് എല്ലാ കേസുകളും രജിസ്റ്റർ ചെയ്യപ്പെടുന്നത്. കുട്ടികൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾക്ക് ഐ.പി.സി.യിലെയും 2013-ൽ നിലവിൽ വന്ന POCSO (Protection Of Children from Sexual Offences) ആക്ടിലെയും വകുപ്പുകൾ പ്രകാരമാണ് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നത്. കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റമറ്റരീതിയിൽ അന്വേഷണം നടത്തി ആവശ്യമായ തെളിവുകൾ ശേഖരിച്ച് നിയമപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുന്ന തരത്തിലാണ് കുറ്റപത്രങ്ങൾ തയ്യാറാക്കുന്നത്. ഇത്തരത്തിലുള്ള അതിക്രമങ്ങൾ തടയുന്നതിനായി പൊതുജനങ്ങളുടെ സഹകരണംകൂടി ആവശ്യമായതിനാൽ ജനമൈത്രി പോലീസ് സംവിധാനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയിലൂടെ ബോധവത്ക്കരണം നടത്തിവരികയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഇന്റർനെറ്റിലൂടെയുണ്ടാകുന്ന അതിക്രമങ്ങളെ കുറിച്ചാണ്. ഇപ്പോഴുള്ള പ്രശ്നം, സുപ്രീം കോടതിയുടെ പുതിയ വിധി പ്രകാരം ഐ.ടി. ആക്ടിലെ 66 (എ) ഉൾപ്പെടെയുള്ള വകുപ്പുകൾ മാറ്റിക്കഴിഞ്ഞുവെന്നുള്ളതാണ്. കൂടാതെ കേരള പോലീസ് ആക്ടിലെ പ്രധാനപ്പെട്ട ചില വകുപ്പുകൾ മാറ്റിയതിന്റെ പേരിലും പല സാങ്കേതികമായ പ്രശ്നങ്ങളുമുണ്ട്. ഇപ്പോൾ നമുക്ക് ഇന്റർനെറ്റിലൂടെയും മറ്റുമുണ്ടാകുന്ന ഇത്തരം അതിക്രമങ്ങൾ തടയുന്നതിൽ ചില പരിമിതികളുണ്ട്. എങ്കിലും കേരള പോലീസ് ആക്ട് അനുസരിച്ചും ഐ.പി.സി. അനുസരിച്ചുമുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. മാത്രമല്ല ഇക്കാര്യത്തിൽ ബോധവത്ക്കരണവും നടക്കുന്നുണ്ട്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ എല്ലാ ദൃശ്യ-പത്രമാധ്യമങ്ങളും ഇത് സംബന്ധിച്ച് വളരെയേറെ വാർത്തകൾ പുറത്തുകൊണ്ടുവരുന്നുണ്ട്. ഇന്നത്തെ മംഗളം ദിനപ്പത്രത്തിന്റെ എഡിറ്റോറിയൽ പേജ് പ്രത്യേകം ശ്രദ്ധേയമാണ്. അതിൽ വളരെ ശക്തമായി ഒന്നുരണ്ട് നിർദ്ദേശങ്ങൾ അവർ മുന്നോട്ടുവയ്ക്കുന്നുണ്ട്. സ്കൂളുകളിൽ കൗൺസിലിംഗ് ശക്തമാക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ ഞങ്ങൾ സ്വീകരിക്കും. പല പീഡനങ്ങളും പുറത്തുവരുന്നത് കൗൺസിലിംഗിലൂടെയാണ്. അതുകൊണ്ട് കൂടുതൽ സ്കൂളുകളിലേയ്ക്ക് കൗൺസിലിംഗിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പംതന്നെ കുട്ടികളുടെനേർക്ക് നാലുപാടും കഴുകൻ കണ്ണുകളുമായി തക്കംപാർത്തിരിക്കുന്ന മാംസദാഹികളെ തടയാൻ സാമൂഹ്യമനഃസാക്ഷി കൂടുതൽ ജാഗ്രത കാണിക്കേണ്ടിയിരിക്കുന്നു. ഇത് വളരെ ഗൗരവത്തോടെ സമൂഹമെടുക്കണം. ഇതിനാവശ്യമായ ബോധവത്ക്കരണ പ്രക്രിയയ്ക്ക് ഊന്നൽ നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(5) ഐ.പി.സി. 153 (എ) പ്രകാരമുള്ള കേസ്

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് മത-സാമുദായിക സൗഹാർദ്ദം തകർക്കത്തക്ക രീതിയിലും വിദ്വേഷം പരത്തുന്ന രീതിയിലും ശ്രീ. വെള്ളാപ്പള്ളി നടേശന്റെ നേതൃത്വത്തിൽ വ്യാപകമായി പ്രചരണം നടന്നുവരികയാണ്. ഒരു കാലഘട്ടത്തിൽ സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച കേരളത്തിൽ, സാമൂഹ്യപരിഷ്കർത്താക്കളുടെ നിരന്തരമായ സമർപ്പണത്തിന്റെ ഭാഗമായി സാമൂഹ്യ-മത സാഹോദര്യമുണ്ടായ ഈ സംസ്ഥാനത്ത് അത് പൂർണ്ണമായും തകർക്കുന്ന രീതിയിലാണ് ഇപ്പോൾ പ്രചരണം നടന്നുവരുന്നത്.

കോഴിക്കോട് ഉണ്ടായ ദാരുണമായ ദുരന്തത്തിൽപ്പെട്ട അന്യസംസ്ഥാന തൊഴിലാളികളെ രക്ഷിക്കാൻവേണ്ടി നൗഷാദ് എന്ന ഓട്ടോറിക്ഷാ ഡ്രൈവർ സ്വന്തം ജീവൻ സമർപ്പിച്ചുകൊണ്ട് നടത്തിയ അതിസാഹസികമായ ജീവകാരുണ്യ പ്രവർത്തനത്തെ, കേരളീയ സമൂഹം മാത്രമല്ല സോഷ്യൽ മീഡിയയിലൂടെ ലോകംമുഴുവൻ അതീവ ആദരവോടുകൂടി കാണുകയാണ്. നൗഷാദിന്റെ വീട് സന്ദർശിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കുടുംബത്തിന്റെ ദീനാനുകമ്പ കണ്ടപ്പോൾ അവരെ സഹായിക്കാൻ ഗവൺമെന്റ് സന്നദ്ധമാണെന്ന് താല്പര്യം പ്രകടിപ്പിച്ചതിന് വളരെയേറെ മതവിദ്വേഷവും സാമുദായിക സ്പർദ്ധയുമുണ്ടാക്കുന്ന രീതിയിലാണ് ശ്രീ. വെള്ളാപ്പള്ളി നടേശൻ ആലുവ മണപ്പുറത്ത് പ്രസംഗം നടത്തിയത്. 'അപകടം വന്ന് മരിക്കുകയാണെങ്കിൽ മുസ്ലീമായി മരിക്കണം; ക്രിസ്ത്യാനിയോ മുസ്ലീമോ മരിച്ചാൽ മന്ത്രിമാരുടെ പടതന്നെവരും ; നമ്മൾ ആരെങ്കിലും മരിച്ചാൽ മന്ത്രിപോയിട്ട് ഒരു ..... (അദ്ദേഹം പറഞ്ഞ ആ വാക്ക് സഭയിൽ പറയാൻ എന്റെ സംസ്കാരം അനുവദിക്കുന്നില്ല) പോലും വരില്ല.' അത്ര അപകടകരമായ രീതിയിലുള്ള വാക്കുകളാണ് അദ്ദേഹം ഉപയോഗിച്ചത്. ഇടുക്കിയിലെ പശ്ചിമഘട്ട മലനിരകൾ

LIBRARY ARCHIVES Kerala Legislative Assembly